ശ്രീ. എൻ. കുഞ്ഞുരാമൻ : അതിന്റെ ഓരോ പ്രതി മെമ്പറന്മാക്ക് തരുവാൻ എഴുപ്പാടചെയ്തിട്ടുണ്ട്.

ശ്രീ. മാന്നാർ ഗോപാലൻനായർ : ശ്രീ. വി. അച്യുതമേനോൻ അവർകൾ സ്വന്തനിലയിൽ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതിനും അദ്ദേഹത്തിനും അവകാശമില്ല.

ശ്രീ. മാന്നാർ ഗോപാലൻനായർ : അദ്ദേഹം ഈ കമ്മിറ്റിയിൽനിന്നും രാജി വയ്ക്കുന്നതിനു മുൻപ് ഇതിനെപ്പറ്റി എന്തെങ്കിലും ഒരു സ്റ്റീം എഴുതി അയച്ചിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അറിഞ്ഞുകൂടാ.

റോഡിന്റെ അരക്ഷിതാവസ്ഥ

* ൭൨൪ (൩൨) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ?

(എ) കൊല്ലം താലൂക്കിൽ കടവൂർ-കുണ്ടറ റോഡിന്റെ അതിശോചനീയമായ അരക്ഷിതാവസ്ഥയെപ്പറ്റി ഗവണ്മെണ്ടിനു അറിവു ലഭിച്ചിട്ടുണ്ടോ?

(ബി) ഇതു സംബന്ധിച്ചു് സത്വരനടപടികൾ സ്വീകരിക്കാൻ ഗവണ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ?

പൊതുമരാമത്തും, ഗതാഗതവും കൃഷിയും വകുപ്പ് മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു്) :

(എ) ഉണ്ടു്.

(ബി) സത്വര നടപടികൾ എടുത്തു കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : എന്തു നടപടികളാണു് സ്വീകരിച്ചിട്ടുള്ളതു്?

Sri. E. John Philipose : It was an ordinary unmetalled village road and unless it is metalled, it canot be considered to have been improved, but at present Government thought that certain culverts could be improved and are therefore taking up the works connected with those culverts.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : കലുംകുകൾ നന്നാക്കാൻ എഴുപ്പാടചെയ്തിട്ടുണ്ടോ?

Sri. E. John Philipose : That is what I said, Active steps are being taken.

ശ്രീ. ആർ. ശങ്കർ : ഒരു കൊല്ലത്തിലധികമായി പൊളിഞ്ഞു കിടക്കുന്ന ഒരു കലുംകു് ഇതുവരെ നന്നാക്കിയില്ലെന്നു് അറിയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു് : ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടെങ്കിൽ അതു ഉടൻതന്നെ ചെയ്യാവുന്നതാണു്.

ശ്രീ. ആർ. ശങ്കർ : അതു ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജോൺഫിലിപ്പോസു് : അതു് പ്രത്യേക ചോദ്യമായിട്ടു് ചോദിച്ചാൽ പറയാം.

LIBRARY ARCHIVES Kerala Legislative Assembly